പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:833 28.09.2011- ലെ മറുപടി

## മലബാർ മേഖലയിൽ ബസ് സർവ്വീസ്

ചോദ്യം ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സ്വകാര്യ ബസ് ഉടമകളും കെ.എസ്.ആർ.ടി.സി.യിലെ ചില ഉദ്യോഗസ്ഥരും ചേർന്നുള്ള ധാരണ പ്രകാരം മലബാർ മേഖല യിൽ കോർപ്പറേഷന്റെ തിരക്കേറിയ പല ഷെഡ്യൂ ളുകളും നിരന്തരം റദ്ദാ ക്കുന്നതായ വിവരം ശ്രദ്ധ യിൽപെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തീരെ വരുമാനക്കുറവുള്ള സർവ്വീസുകൾ മാത്രമെ സാധാരണ ഗതിയിൽ റദ്ദ് ചെയ്യാറുള്ളൂ. |
| (ബി) | ഇത്തരം റൂട്ടുകളിൽ പെർമിറ്റ് പോലുമില്ലാതെ സ്വകാര്യ വാഹനങ്ങൾ സർവ്വീസ് നടത്തുന്ന സാഹചര്യം പരിശോധിക്കുമോ; | (ബി) | പെർമിറ്റില്ലാതെ സ്വകാര്യവാഹനങ്ങൾ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമവിരുദ്ധ സർവ്വീസുകൾ നടത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണ്. |
| (സി) | നിലവിലുള്ള പലറൂട്ടുകളും റീഷെഡ്യൂൾ ചെയ്യുകയാ ണെങ്കിൽ മലബാർ മേഖല യിൽ കോർപ്പറേഷന്റെ വരുമാനത്തിൽ ഗണ്യമായ ഉയർച്ച ഉണ്ടാക്കാൻ കഴി യുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതു പരിശോധിക്കുമോ? | (സി) | ഉണ്ട്. സർവ്വീസ് ലാഭകരമാക്കുന്നതിലേക്കും യാത്രക്കാർക്ക് പ്രയോജനപ്രദമാക്കുന്നതിലേക്കുമായി കെ.എസ്.ആർ.ടി.സി. 20 രൂപയ്ക്ക് താഴെ കിലോമീറ്റർ പ്രതി വരുമാനം ലഭിക്കുന്ന സർവ്വീസുകൾ പുനഃക്രമീകരിച്ചുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ